## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1358 7.6.2018-ൽ മറുപടി നൽകേണ്ടത്

**പ്രീ-സ്കൂൾ മുതൽ പ്ലസ്ടു വരെയുള്ള പഠന പദ്ധതി ഏകീകരണം**

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | പ്രീസ്കൂൾ മുതൽ പ്ലസ്ടു വരെയുള്ള പഠനപദ്ധതി ഏകീകരിക്കാനുള്ള കേന്ദ്രസർക്കാരിന്റെ നിർദ്ദേശം സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) തീരുമാനിച്ചിട്ടുണ്ട് |
| (ബി) | കേന്ദ്രനിർദ്ദേശം നടപ്പാക്കുകയാണെങ്കിൽ സർക്കാർ സ്കൂളുകൾക്ക് ലഭിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) 1. 1-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യ പാഠപുസ്തകം<br>2. ഒന്നു മുതൽ എട്ട് വരെ ക്ലാസുകളിലെ എല്ലാ പെൺകുട്ടികൾക്കും എസ്.സി / എസ്.റ്റി വിഭാഗത്തിലെ എല്ലാ ആൺകുട്ടികൾക്കും ബി.പി.എൽ വിഭാഗത്തിലെ ആൺകുട്ടികൾക്കും സൗജന്യമായി 2 സെറ്റ് യൂണിഫോം<br>3. സ്കൂൾ ഗ്രാന്റ് എല്ലാ സർക്കാർ സ്കൂളുകൾക്കും<br>4. ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് |
| (സി) | പ്രസ്തുത സഹായങ്ങൾ എയ്ഡഡ് സ്കൂളുകൾക്കും ലഭിക്കുമോ എന്ന് വ്യക്തമാക്കാമോ; | 1. 1 മുതൽ 8 വരെ സൗജന്യ പാഠപുസ്തകം<br>2. ഭിന്നശേഷി കുട്ടികൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നു.<br>3. അക്കാദമിക മികവ് വർദ്ധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ എന്നിവ എയഡഡ് സ്കൂളുകളിൽ ലഭിക്കുന്നതാണ്. |
| (ഡി) | കുട്ടികൾക്കും സ്കൂളുകൾക്കും നൽകുന്ന സാമ്പത്തിക സഹായങ്ങളെപ്പറ്റി കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം മാർഗ്ഗ നിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) & (ഇ) മാർഗ്ഗനിർദ്ദേശങ്ങളുടെ കരട് രേഖ പരിശോധിച്ച് വരുന്നതേയുള്ളൂ. |
| (ഇ) | എങ്കിൽ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ; | |
| (എഫ്) | ഇത് സംബന്ധിച്ച പദ്ധതി നിർവഹണച്ചുമതല ഏത് സമിതിക്കാണെന്ന് വ്യക്തമാക്കാമോ; | നിർവ്വഹണ ചുമതല ഇൻറ്റേഗ്രറ്റഡ് പദ്ധതിയായ സമഗ്ര ശിക്ഷാ അഭിയാൻ എന്ന പ്രോജക്ടിനാണ് |
| (ജി) | പദ്ധതികർമ്മരേഖയും ബജറ്റും തയ്യാറാക്കി സമിതിക്ക് നൽകാൻ സംസ്ഥാനങ്ങൾക്ക് സമയം തീരുമാനിച്ചിട്ടുണ്ടോ എന്നും കേരളം പദ്ധതി രേഖ സമർപ്പിക്കേണ്ടത് എപ്പോഴാണെന്നും ആയത് നിർദ്ദിഷ്ട സമയത്തിനകം സമർപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | കേരളം പദ്ധതി രേഖ 2018 മെയ് 1ന് മുൻപ് സമർപ്പിക്കേണ്ടതായിരുന്നു. മെയ് 1ന് തന്നെ കേരളം പദ്ധതി സമർപ്പിക്കുകയും മെയ് 4 മുതൽ 8 വരെ അപ്രൈസൽ നടപടി പൂർത്തിയാക്കുകയും മെയ് 10-ാം തീയതി പ്രോജക്ട് അപ്രൂവൽ ബോർഡ് മീറ്റീംഗ് കഴിയുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ